## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *88 — 11.06.2014 ൽ മറുപടിയ്ക്ക്

### പിന്നോക്ക ക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീ മാത്യു. റ്റി. തോമസ്<br>ശ്രീമതി ജമീലാ പ്രകാശം<br>ശ്രീ. സി. കെ നാണു | | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | പിന്നോക്ക ക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾക്കായി 2013-14-ലെ ബഡ്ജറ്റിൽ വകയിരുത്തിയ തുക മുഴുവനും ചെലവഴിച്ചുവോ ; വ്യക്തമാക്കുമോ ; | (എ) | പിന്നോക്ക സമുദായ വികസന വകുപ്പ് 2013-14-ലെ ബഡ്ജറ്റിൽ അനുവദിച്ച പദ്ധതി ഇനത്തിൽ 92 % തുകയും പദ്ധതിയിതര ഇനത്തിൽ 98 % വും ചെലവഴിച്ചു. വിശദാംശം അനുബന്ധം 1-ൽ ചേർക്കുന്നു. |
| (ബി) | 2013-14 സാമ്പത്തിക വർഷത്തിലേക്ക് ആവിഷ്കരിച്ച പദ്ധതികളെ സംബന്ധിച്ചും അവയുടെ പ്രവർത്തന പുരോഗതിയെക്കുറിച്ചുള്ള വിവരങ്ങളും വിശദീകരിക്കുമോ ; | (ബി) | അനുബന്ധം 2 ആയി ചേർക്കുന്നു. |
| (സി) | പിന്നോക്ക ക്ഷേമ വകുപ്പ് ആവിഷ്കരിക്കുന്ന പദ്ധതികൾ നടപ്പിലാക്കാൻ പര്യാപ്തമായ ജീവനക്കാരും ഓഫീസ് സംവിധാനവും നാളിതുവരെ നൽകിയിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ഉണ്ട്. പിന്നോക്ക സമുദായ വികസന വകുപ്പിന് കോഴിക്കോട്ടും എറണാകുളത്തും ഓരോ മേഖലാ ഓഫീസുകൾ ആരംഭിക്കുന്നതിനും അതിനായി 10 തസ്തികകൾ സൃഷ്ടിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | എങ്കിൽ അവ പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ ? | (ഡി) | |

സെക്ഷൻ ഓഫീസർ

Annexure. I (a)

# EXPENDITURE STATEMENT 2013-14 , UPTO 31st March 2014

| Sl. No. | Head of account | Plan/N .plan | Budget Provision | Expenditure up to previous | Expenditure current month | Total expenditure | Balance | % |
|---|---|---|---|---|---|---|---|---|
| 1 | 2225-03-001-99-01-1pay | N | 22,47,000 | 21,96,296 | 1,31,068 | 23,27,364 | -80,364 | 103.58 |
| 2 | 2225-03-001-99-01-2DA | N | 12,22,000 | 8,16,138 | 50,819 | 8,66,957 | 3,55,043 | 70.95 |
| 3 | 2225-03-001-99-01-3HRA | N | 93,000 | 67,023 | 3,252 | 70,275 | 22,725 | 75.56 |
| 4 | 2225-03-001-99-01-4MR | N | 20,000 | 0 | 0 | 0 | 20,000 | 0.00 |
| 5 | 2225-03-001-99-01-5 other charges | N | 55,000 | 28,787 | 1,083 | 29,870 | 25,130 | 54.31 |
| 6 | 2225-03-001-99-02 wages | N | 96,000 | 1,64,060 | 44,000 | 2,08,060 | -1,12,060 | 216.73 |
| 7 | 2225-03-001-99-04-1 TourTA | N | 1,50,000 | 57,769 | 16,370 | 74,139 | 75,861 | 49.43 |
| 8 | 2225-03-001-99-04-2TRan TA | N | 17,000 | 0 | 0 | 0 | 17,000 | 0.00 |
| 9 | 2225-03-001-99-04-4LTC | N | 66,000 | 66,000 | 0 | 66,000 | 0 | 100.00 |
| 10 | 2225-03-001-99-05-01 Water Charges | N | 24,000 | 0 | 0 | 0 | 24,000 | 0.00 |
| 11 | 2225-03-001-99-05-2Ele.Charges | N | 80,000 | 30,000 | 44,873 | 74,873 | 5,127 | 93.59 |
| 12 | 2225-03-001-99-05-3 Tel Charges | N | 77,000 | 46,842 | 12,321 | 59,163 | 17,837 | 76.84 |
| 13 | 2225-03-001-99-05-4other items | N | 3,85,000 | 84,504 | 2,81,711 | 3,66,215 | 18,785 | 95.12 |
| 14 | 2225-03-001-99-21-2 Mot Veh Repair | N | 25,000 | 16,258 | 7,765 | 24,023 | 977 | 96.09 |
| 15 | 2225-03-001-99-45POL | N | 80,000 | 44,765 | 21,157 | 65,922 | 14,078 | 82.40 |
| | **Administration Total** | | **46,37,000** | **36,18,442** | **6,14,419** | **42,32,861** | **4,04,139** | 91.28 |
| 16 | 2225-03-277-99 Post matric OEC | N | 75,00,00,000 | 74,93,30,764 | 6,68,650 | 74,99,99,414 | 586 | 100.00 |
| 17 | 2225-03-277-98 Prematric OEC | N | 9,34,95,000 | 7,80,77,000 | -38,33,610 | 7,42,43,390 | 1,92,51,610 | 79.41 |
| 18 | 2225-03-800-81 Adv Grant | N | 11,25,000 | 0 | 10,12,500 | 10,12,500 | 1,12,500 | 90.00 |
| 19 | 2225-03-191-50 Mun Grant | N | 1,000 | 0 | 0 | 0 | 1,000 | 0.00 |
| 20 | 2225-03-196-50 Block Grant | N | 1,000 | 0 | 0 | 0 | 1,000 | 0.00 |
| 21 | 2225-03-192-50 Block Grant | N | 50,000 | 0 | 0 | 0 | 50,000 | 0.00 |
| | **Total** | | **84,46,72,000** | **82,74,07,764** | **-21,52,460** | **82,52,55,304** | **1,94,16,696** | **97.70** |

Annexure I(b)

## Backward Communities Development Department Plan Expenditure Upto 31st March.2014

| Sl.No. | Head of Account | - | Budget Provision | Actual Fund Rlease | Exp.upto last month | Exp.Current Month | Total expenditure | Balance | % | Remarks |
|---|---|---|---|---|---|---|---|---|---|---|
| 1 | 2225-03-001-98 Office Automation | P | 1,00,00,000 | 1,00,00,000 | 2,59,200 | 1,67,282 | 4,26,482 | 95,73,518 | 4.26 | The earmarked amount was also aimed to provide infrastructure facilities to the proposed field level offices of the Department. But the two regional offices has been sanctioned only by the end of the financial year. As the same scheme is live in this financial year also. The expenditure of the allotted amount will be spend during the 2014-15 financial year. |
| 2 | 2225-03-277-99 Post matric OEC | P | 10,00,00,000 | 10,00,00,000 | 10,00,00,000 | 0 | 10,00,00,000 | 0 | 100.00 | |
| 3 | 2225-03-277-98 Prematric OEC | P | 1,50,00,000 | 1,50,00,000 | 1,50,00,000 | 0 | 1,50,00,000 | 0 | 100.00 | |
| 4 | 2225-03-277-96-34 OBC Post matric | P | 1,00,00,00,000 | 23,58,00,000 | 23,58,00,000 | 0 | 23,58,00,000 | 0 | 100.00 | Expenditure limited to notional allocation of Rs.23.58 crore ** |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 5 | 2225-03-277-92 OBC Pre matric | P | 32,00,00,000 | 21,44,00,000 | 3,90,265 | 21,40,09,735 | 21,44,00,000 | 0 | 100.00 | Central release 5.44 crore and state share RS.16 Crore |
| 6 | 2225-03-277-91 Overseas scholarship | P | 2,00,00,000 | 2,00,00,000 | 0 | 2,68,174 | 2,68,174 | 1,97,31,826 | 1.34 | As far as this scheme is concerned , the Department strode over too forefront by put in to practice inviting applications, processing those and submitting before the Govt for approval. The approved list from the Govt published on 25/03/2014 and remaining short span of time to finish the financial year was not enough to implement such a scheme. The Scheme is included in the 2014-15 financial year also. The allotted amount will be disbursed to eligible candidates within the time duration |
| 7 | 2225-03-277-90 Employability | P | 5,00,00,000 | 5,00,00,000 | 4,55,91,399 | 3,42,933 | 4,59,34,332 | 40,65,668 | 91.87 | |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 8 | 2225-03-800-85 pottery assitance | P | 2,00,00,000 | 2,00,00,000 | 46,50,000 | 1,53,50,000 | 2,00,00,000 | 0 | 100.00 | |
| 9 | 2225-03-102-99 Career in auto mobile Ind | P | 2,00,00,000 | 2,00,00,000 | 0 | 1,00,960 | 1,00,960 | 1,98,99,040 | 0.50 | The responses from the concerned industries and candidates are not in a manner of spirit as we were expected. The number of applications received from individuals also mere. The scheme is included in the current budget also. The allotted amount can be spend by inviting new applications well in advance and considering old apllications also. |
| 10 | 2225-03-190-97 KSDCCC$RC | P | 5,00,00,000 | 5,00,00,000 | 2,50,00,000 | 25000000 | 5,00,00,000 | 0 | 100.00 | |
| 11 | 2225-03-800-86 Assistance to voluntary Org | P | 15,00,00,000 | 1,50,00,000 | 0 | 0 | 0 | 1,50,00,000 | 0.00 | There is no central allocation to this scheme |
| 12 | 2225-03-190-98 KSBCDC | P | 10,00,00,000 | 10,00,00,000 | 5,00,00,000 | 5,00,00,000 | 10,00,00,000 | 0 | 100.00 | |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 13 | 2225-03-277-89 Training Institute | P | 1000 | 1,000 | 0 | 0 | 0 | 1,000 | 0.00 | |
| 14 | 4225-03-277-97 Construction of OBC Hostel | P | 8,00,00,000 | | | | | | | No AS has been issued issued. Moreover it is Capital Head. PWD is the implementing Department |
| | Total | | **1,93,50,01,000** | **85,02,01,000** | **47,66,90,864** | **30,52,39,084** | **78,19,29,948** | **6,82,71,052** | **91.97** | |

## അനുബന്ധം 2

2013-2014 വർഷം പിന്നാക്ക സമുദായ വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളും ചെലവഴിച്ച തുകയും ചുവടെ ചേർക്കുന്നു

1 പ്രീ മെട്രിക് സഹായം (ഒ. ഇ. സി)

(വിഹിതം :150.00 ലക്ഷം രൂപ(പദ്ധതി) 800.00 ലക്ഷം(പദ്ധതിയിതരം)

മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ട ഏറ്റവും പിന്നോക്കം നിൽക്കുന്ന 14 ജാതികളിൽപ്പെട്ട വിദ്യാർത്ഥികളെ മറ്റു സമുദായത്തിലെ അർഹതപ്പെട്ട വിദ്യാർത്ഥികളായി കണക്കാക്കുകയും അവർക്ക് പട്ടികജാതി വിദ്യാർത്ഥികൾക്ക് കൊടുക്കുന്ന രീതിയിലുള്ള വിദ്യാഭ്യാസ സഹായം കൊടുക്കുകയും ചെയ്യുന്നു. 2013-2014 പ്ലാൻ, നോൺ പ്ലാൻ വിഹിതത്തിൽ യഥാക്രമം 150 ലക്ഷം, 934 ലക്ഷം തുക വകയിരുത്തിയിരുന്നു. പ്ലാൻ തുക പൂർണമായും നോൺ പ്ലാൻ തുക 742 ലക്ഷവും ചെലവഴിച്ചു.

2 പോസ്റ്റ് മെട്രിക് സഹായം (ഒ. ഇ. സി)

വിഹിതം :1000.00 ലക്ഷം(പ്ലാൻ)8000 ലക്ഷം (നോൺ പ്ലാൻ)

മറ്റു സമുദായത്തിൽപ്പെട്ട അർഹതയുള്ള വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സഹായം കൊടുക്കുന്നതിനായുള്ള സംസ്ഥാന പദ്ധതിയാണിത്. 2013-2014-ൽ വകയിരുത്തിയ തുക പൂർണമായും ചെലവഴിച്ചു.

3 പ്രീ മെട്രിക് സ്കോളർഷിപ്പ് (സംസ്ഥാന വിഹിതം 50 ശതമാനം) / 50% കേന്ദ്രസഹായം

വിഹിതം, സംസ്ഥാനം : 1600.00 ലക്ഷം (പ്ലാൻ)

കേന്ദ്രം : 1600.00 ലക്ഷം (പ്ലാൻ)

ആകെ : 3200.00 ലക്ഷം (പ്ലാൻ)

മാതാപിതാക്കളുടെ വാർഷിക വരുമാനം 44500-ൽ കുറവുള്ള മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കൊടുക്കുന്ന സ്കോളർഷിപ്പാണിത്. പ്രീ മെട്രിക് ഘട്ടത്തിലോ/ഒന്നാം ക്ലാസിലോ പഠിക്കുന്ന കുട്ടികൾക്ക് ഈ സ്കോളർഷിപ്പ് നൽകുന്നു. 10-ാം ക്ലാസിൽ എത്തുന്നതോടെ ഈ സ്കോളർഷിപ്പ് തീരുന്നു.

2013-2014 സംസ്ഥാന വിഹിതം പൂർണമായും (1600 ലക്ഷം) കേന്ദ്രം അനുവദിച്ച 544 ലക്ഷവും ചേർത്ത് 2144 ലക്ഷം രൂപ ചെലവഴിച്ചു.

4 മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള സഹായം

(വിഹിതം : 200.00 ലക്ഷം രൂപ)

പിന്നോക്ക വിഭാഗ സമുദായത്തിലെ ചില വിഭാഗങ്ങൾ പരമ്പരാഗത മൺപാത്ര നിർമ്മാണത്തിൽ ഏർപ്പെട്ടിരുന്നു. പരമ്പരാഗത രീതി അവലംബിച്ച് നിർമ്മിക്കുന്ന ഉല്പന്നങ്ങൾ ലോക നിലവാരത്തിലുള്ള ഉല്പന്നങ്ങളുമായി മത്സരിക്കാനാവില്ല. ഈ പരിസ്ഥിതികളിൽ

മൺപാത്ര നിർമാണ തൊഴിലാളികൾക്ക് പുതിയ രീതിയിൽ ഉള്ള നിർമ്മാണത്തെക്കുറിച്ച് പരിശീലനം നൽകുകയും ഈ മേഖലയെ നവീകരിക്കുന്നതിനും യന്ത്രവൽക്കരിക്കുന്നതിനും ആവശ്യമുള്ള സാമ്പത്തിക സഹായം നൽകാനിരുന്ന പദ്ധതി.

2013-2014-ൽ 200.00 ലക്ഷം രൂപ ഈ പരിപാടിയ്ക്കായി വകയിരുത്തിയിരുന്നു.തുക പൂർണമായും ചെലവഴിച്ചു.

5 <u>സന്നദ്ധസംഘടനകൾക്കായുള്ള സഹായം (എൻ.ജി.ഒ.)(10% സംസ്ഥാനവിഹിതം)</u>

വിഹിതം , സംസ്ഥാനം : 150 ലക്ഷം (പ്ലാൻ)

കേന്ദ്രം : 1350 ലക്ഷം (പ്ലാൻ)

ആകെ : 1500 ലക്ഷം (പ്ലാൻ)

സന്നദ്ധപ്രവർത്തനങ്ങളിലൂടെ മറ്റു പിന്നോക്ക വിഭാഗങ്ങളുടെ വിദ്യാഭ്യാസ സാമൂഹിക സാമ്പത്തിക സ്ഥിതി ഉയർത്തുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. അവരുടെ കഴിവുകൾ വികസിപ്പിച്ച് വരുമാനം ലഭിക്കുന്ന സ്വയം തൊഴിൽ ചെയ്യുന്നതിനും മറ്റു മേഖലകളിൽ ലാഭകരമായി തൊഴിൽ ചെയ്യുന്നതിനും അവരെ പ്രാപ്തരാക്കുന്നതിനുവേണ്ടിയുള്ള പദ്ധതിയാണിത്. 2013-2014-ൽ 150.00 ലക്ഷം രൂപ ഈ പരിപാടിക്കായി വകയിരുത്തിയിരുന്നു. 90% കേന്ദ്രസഹായവും 10% സന്നദ്ധസംഘടനകളും വഹിക്കുന്ന പദ്ധതിയാണിത്. നടത്തിപ്പുമായി ബന്ധപ്പെട്ട ചെലവുകൾ ഉദ്ദേശിച്ചാണ് സംസ്ഥാന വിഹിതം ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ടി പദ്ധതി നിലവിൽ കേന്ദ്ര സർക്കാർ നേരിട്ട് അനുവദിക്കുന്ന രീതിയാണുള്ളത്. ടി സാഹചര്യത്തിൽ സംസ്ഥാനം വകയിരുത്തിയ തുക ചെലവഴിയ്ക്കാനായിട്ടില്ല.

6 <u>പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ (50% സംസ്ഥാന വിഹിതം)</u>

വിഹിതം , സംസ്ഥാനം : 400 ലക്ഷം (പ്ലാൻ)

കേന്ദ്രം : 400 ലക്ഷം (പ്ലാൻ)

ആകെ : 800 ലക്ഷം (പ്ലാൻ)

ഗ്രാമീണ മേഖലയിലുള്ള വിദൂര പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന പിന്നോക്ക വിഭാഗക്കാരായ വിദ്യാർത്ഥികൾക്ക് അവരുടെ കോളേജുകളിൽ എത്തിച്ചേരുന്നതിന് ദിവസവും വളരെ ദൂരം യാത്രചെയ്യേണ്ടതായി വരുന്നു. ഹോസ്റ്റൽ സൗകര്യങ്ങളുടെ അപര്യാപ്തത കാരണം അവരുടെ പഠനം തുടരുന്നതിനായി സ്വകാര്യ മുറികളിൽ വാടകയ്ക്ക് നിൽക്കുന്നു. ഈ പദ്ധതി വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട അവസരങ്ങൾ നല്കാൻ ഉദ്ദേശിക്കുന്നു. പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട ധാരാളം വിദ്യാർത്ഥികൾക്ക് ഗവ./യൂണിവേഴ്സിറ്റി സ്ഥാപനങ്ങൾക്കും പരിഗണന ലഭിക്കുന്നു.

2013-2014-ൽ 400.00 ലക്ഷം രൂപ ഈ പരിപാടിക്കായി വകയിരുത്തിയിരുന്നു.കേന്ദ്ര മാനദണ്ഡമനുസരിച്ച് ഒരു സീറ്റിന് 70000/- രൂപയാണ് ചെലവിനത്തിൽ നൽകുന്നത്. ടി തുക സംസ്ഥാന സാഹചര്യത്തിൽ പ്രയോഗികമല്ല. അധികമായി ആവശ്യമുള്ള തുക കൂടി സംസ്ഥാനം കണ്ടെത്തേണ്ടി വരുന്നതിനാൽ പദ്ധതിക്കു ഭരണാനുമതി ലഭിച്ചിട്ടില്ല.



Vajan

7 മറ്റു പിന്നോക്ക വിഭാഗങ്ങൾക്കുള്ള വിദേശ സ്കോളർഷിപ്പുകൾ

(വിഹിതം : 200.00 ലക്ഷം രൂപ)

മെഡിസിൻ, അഗ്രികൾച്ചർ സയൻസ്, പ്യൂവർ സയൻസ് മാനേജ്മെന്റ്, എഞ്ചിനീയറിംഗ് മേഖലകളിൽ മാസ്റ്റർ ബിരുദം ചെയ്യുന്ന തെരഞ്ഞെടുത്ത 20 പിന്നോക്ക വിഭാഗക്കാരായ വിദ്യാർത്ഥികൾക്കുള്ള സാമ്പത്തിക സഹായം ഈ പദ്ധതി വഴി കൊടുക്കാൻ ഉദ്ദേശിക്കുന്നു. കോഴ്സുകൾ പൂർത്തീകരിക്കുന്നതിനുവരെ ഈ പറഞ്ഞ രീതിയിൽ സാമ്പത്തിക സഹായം നൽകുന്നു. ഒരു വിദ്യാർത്ഥിയ്ക്ക് പരമാവധി 10 ലക്ഷം വരെ ഗ്രാന്റ് നൽകുന്ന പദ്ധതിയാണിത്.

2013-2014-ൽ 200.00 ലക്ഷം രൂപ ഈ പരിപാടിക്കായി വകയിരുത്തിയിരുന്നു. വകുപ്പിൽ വേണ്ടത്ര ഉദ്യോഗസ്ഥ സംവിധാനം ഇല്ലാത്തതിനാൽ പദ്ധതി വൈകിയാണ് ആരംഭിച്ചത്. വൈകി ഭരണാനുമതി ലഭിച്ചതും കുട്ടികളുടെ സെലക്ഷൻ വൈകിയതും കാരണം 2013-2014-ൽ തുക ചെലവഴിയ്ക്കാനായില്ല.

8 തൊഴിലവസരങ്ങൾ ഉയർത്തുന്ന പരിപാടി/പരിശീലനം

(വിഹിതം : 500.00 ലക്ഷം രൂപ)

വിദ്യാഭ്യാസമുള്ള പിന്നോക്ക വിഭാഗക്കാരായ ഉദ്യോഗാർത്ഥികൾക്ക് പ്രചോദനം നൽകുകയും അവരുടെ യോഗ്യതയ്ക്കനുസരിച്ചുള്ള ജോലി ലഭിക്കുന്നതിനായി അവർക്ക് പ്രോത്സാഹനം നൽകുകയും ചെയ്താൽ അവരുടെ കഴിവുകൾ മികച്ച രീതിയിൽ പ്രയോജനപ്പെടുത്താൻ കഴിയും. വിദ്യാർത്ഥികൾക്ക് സിവിൽ സർവീസ് പരീക്ഷയ്ക്കും, നെറ്റ്, ഗേറ്റ്, മാറ്റ് തുടങ്ങിയ പരീക്ഷകൾക്കും കേന്ദ്ര സംസ്ഥാന സർവ്വീസുകളിലും പൊതു മേഖലാ സ്ഥാപനങ്ങളിലും ജോലിക്കും പരിശീലനത്തിനായുള്ള സാമ്പത്തിക സഹായം നൽകുന്നു.

പ്രൊഫഷണൽ കോഴ്സുകളായ ചാർട്ടേഡ് അക്കൗണ്ടൻസി പരിപാടി, ലോജിസ്റ്റിക് മാനേജ്മെന്റ്, ടോട്ടൽ സ്റ്റേഷൻ സർവ്വേ തിടങ്ങിയവയിൽ യോഗ്യരായ വിദ്യാർത്ഥികൾക്ക് പരിശീലനം നടത്തുന്നതിനാവശ്യമായ സാമ്പത്തിക സഹായം ഈ പദ്ധതിയിലൂടെ നൽകുന്നു. പരിശീലനം നടത്താൻ സാദ്ധ്യമാണെങ്കിൽ ഗവൺമെന്റ് വകുപ്പുകൾ വഴിയോ/സ്ഥാപനങ്ങൾ വഴിയോ അതിനുള്ള സഹായം ചെയ്തു കൊടുക്കുന്നു.

2013-2014-ൽ 500.00 ലക്ഷം രൂപ ഈ പരിപാടിക്കായി വകയിരുത്തിയിരുന്നു. 2013-2014 -ൽ 460 ലക്ഷം രൂപ ഈ ഇനത്തിൽ ചെലവഴിച്ചു.

3

Vijaya
സെക്ഷൻ ഓഫീസർ

9 ഓഫീസ് യന്ത്രവൽക്കരിക്കുന്നതിനാവശ്യമായ സാമഗ്രികളും അതിന്റെ നടത്തിപ്പും

(വിഹിതം :100.00 ലക്ഷം രൂപ)

സിസിടിവി പോലെയുള്ള പുതിയ ഓഫീസ് സാമഗ്രികളും ഫയലുകളും കൈകാര്യം ചെയ്യുന്ന രീതികൾ വകുപ്പിന്റെ നിർദ്ദേശപ്രകാരമുള്ള ഓഫീസുകളുമായി പരസ്പരം പ്രവർത്തിക്കുന്ന ഹയർ ട്രാക്കിംഗ് രീതികൾ, വകുപ്പിലെ ഓഫീസർമാർക്കും സ്റ്റാഫുകൾക്കും ദേശീയ തല ത്തിൽ ഇൻസർവ്വീസ് പരിശീലന പരിപാടികൾ പടത്തുക തുടങ്ങിയവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യങ്ങൾ. 2013-2014-ൽ 100.00 ലക്ഷം രൂപ ഈ പരിപാടിക്കായി വകയിരുത്തിയിരുന്നു. ഓഫീസുകൾ ശക്തിപ്പെടാത്ത സാഹചര്യത്തിൽ 4.26 ലക്ഷം രൂപ മാത്രമേ ഈ ഇനത്തിൽ ചെലവഴിയ്ക്കാനായുള്ളു.

10 പൊതുമേഖല സ്വകാര്യ പങ്കാളിത്തത്തോടുകൂടി ഓട്ടോ മൊബൈൽ മേഖലയിലെ തൊഴിലുകൾ (വിഹിതം :200.00 ലക്ഷം രൂപ)

ആഗോളവത്കരണത്തിന്റെ ഫലമായി ഓട്ടോ മൊബൈൽ നിർമ്മാണ പരിതസ്ഥിതിക ളിൽ വളരെയേറെ മാറ്റം സംഭവിക്കുയും അന്തർദേശീയതലത്തിലും ദേശീയതലത്തിലുമുള്ള കാർ നിർമ്മാണ രംഗത്ത് മത്സരങ്ങൾ വർദ്ധിക്കുകയും ചെയ്തു. ആഗോളവത്കരണം ഉയർന്ന ചെലവിന്റെ സമ്മർദ്ദങ്ങൾ നിർമ്മാതാക്കളിൽ ഏല്പിക്കുന്നു. എന്നതാണ് ആട്ടോമോട്ടീവ് മേഖ ലയിലുള്ള പ്രധാനപ്പെട്ട പ്രവണത. അതുകൊണ്ട് അവർ ചെലവ് കുറഞ്ഞ നിർമ്മാണ രീതി കൾ കണ്ടുപിടിക്കാൻ ശ്രമിക്കികയും ഗുണമേന്മയും ലാഭരെമായ രീതികൾക്ക് പ്രാധാന്യം കൊടുക്കുകയും ചെയ്യുന്നു. ഈ വളർച്ച ഓട്ടോ മൊബൈൽ രംഗത്ത് തൊഴിൽ തേടുന്നവർക്ക് കൂടുതൽ അവസരങ്ങൽ നൽകുന്നു. ഐ.ടി ഐ/ഐ.ടി.സി. പാസ്സായ 200 മറ്റു പിന്നോക്ക വിഭാഗക്കാരായ ഡിപ്ലോമക്കാർക്ക് സാമ്പത്തിക വർഷത്തിൽ പ്രൊഫഷണൽ പരിശീലനം നൽ കുകയും മാസം 5000 രൂപ വീതം സാമ്പത്തിക സഹായം നൽകുകയും ചെയ്യുന്നു.പരിശീലനം വിജയകരമായി പൂർത്തിയാക്കിയവർക്ക് കമ്പനി അനുയോജ്യമായ തൊഴിലുകൾ നൽകുന്നു. 2013-2014-ൽ 200.00 ലക്ഷം രൂപ ഈ പരിപാടിക്കായി വകയിരുത്തിയിരുന്നു.വാഹന വ്യവസായ രംഗത്തെ മാന്ദ്യത്തിന്റെ ഫലമായും വകുപ്പിന്റെ ഭരണ സംവിധാനം ദുർബ്ബലമായിരുന്നതി നാലും അർഹതയുള്ള സ്വകാര്യ പങ്കാളികളെ കണ്ടെത്തി പദ്ധതി നടപ്പാക്കാനായില്ല.

11 അഡ്വക്കേറ്റ് ഗ്രാന്റ്

(വിഹിതം : 11,25,000/- )

പിന്നാക്ക സമുദായത്തിൽപ്പെട്ട നിയമബിരുദധാരികൾക്ക് പ്രാക്ടീസ്ആരംഭിക്കുന്നതി നായി ആദ്യ മൂന്നു വർഷങ്ങളിൽ നിയമ പുസ്തകം, യൂണീഫോം എന്നിവ വാങ്ങുന്നതിന് 7500/- രൂപ വീതം പ്രതി വർഷം അനുവദിയ്ക്കുന്ന സ്കീമാണിത്. ടി സ്കീമിൽ ഉൾപ്പെടുത്തി 135 അഭിഭാഷകർക്ക് 2013-2014-ൽ 10,12,500/- രൂപ ചെലവഴിച്ചു.

സെക്ഷൻ ഓഫീസർ